18681/2023

**മിഷൻ വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , ഡയറക്ടർ വനിത ശിശു വികസന വകുപ്പ്)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - വിവിധ ജില്ലകളിലെ CWC, JJB കളിലെ അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വേതനം ഇനത്തിൽ അധിക സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (പി) നം29/2021/ധന തീയതി:11.02.2021
2. കേന്ദ്ര സർക്കാരിന്റെ 05/07/2022ലെCW-II-22/6/2022-CW-II നം ഉത്തരവ്
3. സർക്കാർ കത്ത് നമ്പർ.WCD - C1/166/2022 - WCD തീയതി:04.07.2023
4. ഈ കാര്യാലയത്തിലെ 02.08.2023 ലെ DWCD/1945/2023 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. DWCD/5138/2023-ICPS 4 തീയതി: 03-10-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിലും, ദിവസ വേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ള ജീവനക്കാരുടെ പരാമർശം (1) പ്രകാരം ശമ്പളം നിശ്ചയിച്ച് വേതനം വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം പുതുക്കിയ മിഷൻ വാത്സല്യ മാർഗ്ഗരേഖ 2022 ഏപ്രിൽ മാസം നിലവിൽ വന്നു. 2022 സെപ്റ്റംബർ മുതൽ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള വേതനം മാത്രമാണ് ജീവനക്കാർക്ക് അനുവദിച്ച് വന്നിരുന്നത്.

പരാമർശം (3) പ്രകാരം മിഷൻ വാത്സല്യയിലെ കരാർ ജീവനക്കാർക്ക് സംഭവിച്ചിരിക്കുന്ന വേതന ഇടിവ് നികത്തുന്നതിനായി തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം (4) ഉത്തരവ് പ്രകാരം മിഷൻ വാത്സല്യ പദ്ധതിയിൽ 2022 ഏപ്രിൽ മുതൽ ഒരു വർഷം സേവനം തൃപ്തികരമായി പൂർത്തിയാക്കിയ യോഗ്യരായ എല്ലാ ജീവനക്കാർക്കും 2023 ഏപ്രിൽ മാസം മുതൽ 3% വേതന വർധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ വിവിധ ജില്ലകളിലെ CWC, JJB യിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ ജീവനക്കാർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വേതനം നൽകുന്നതിനുള്ള അധിക സംസ്ഥാനമായി ആകെ **6,64,560/-രൂപ (ആറു ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | District | Organisation | CWC | JJB | Salary |
|---|---|---|---|---|---|
| 1 | Thiruvananthapuram | Childrens Home Boys | 38,960 | | 38,960 |
| 2 | Thiruvananthapuram | Observation Home | | 38960 | 38,960 |
| 3 | Kollam | Childrens Home | 38960 | | 38,960 |
| 4 | Kollam | Observation Home | | 38960 | 38,960 |
| 5 | Pathanamthitta | Childrens Home | 0 | 0 | 0 |
| 6 | Alappuzha | Childrens Home (girls) | | | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 7 | Alappuzha | Observation Home | | 38960 | 38,960 |
| 8 | Kottayam | Childrens Home | 40745 | | 40,745 |
| 9 | Kottayam | Observation Home | | 21187 | 21,187 |
| 10 | Idukki | DCPU | 36631 | 36631 | 73,262 |
| 11 | Ernakulam | Childrens Home | 38960 | | 38,960 |
| 12 | Ernakulam | Observation Home | | 34556 | 34,556 |
| 13 | Thrissur | Childrens Home | 38960 | | 38,960 |
| 14 | Thrissur | Observation Home | | 0 | 0 |
| 15 | Palakkad | Childrens Home | 0 | 0 | 0 |
| 16 | Malappuram | Childrens Home | 29621 | 36629 | 66,250 |
| 17 | Kozhikode | Childrens Home (girls) | 38960 | | 38,960 |
| 18 | Kozhikode | Observation Home | | 38960 | 38,960 |
| 19 | Kannur | Childrens Home (Boys) | 38960 | 38960 | 77,920 |
| 20 | Wayanad | Childrens Home | 0 | 0 | 0 |
| 21 | Kasargod | Childrens Home | 0 | 0 | 0 |
| | | Grant Total | 3,40,757 | 323803 | 6,64,560 |

ടി തുക **6,64,560/-രൂപ (ആറു ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം)** മിഷൻ വാത്സല്യ പദ്ധതിയുടെ 2235 - 02 - 102 - 19 (5) ശീർഷകത്തിൽ നിന്നും മേൽ പട്ടിക പ്രകാരം അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അല്ലോട്മെന്റ് ആയി നൽകേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ടി തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക് അല്ലോട്മെന്റ് ആയി അനുവദിച്ചു നൽകേണ്ടതുമാണ്.

സ്ഥാപന സൂപ്രണ്ടുമാർ തുക കൈപ്പറ്റിയ രസീത്, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഏപ്രിൽ 27 ന് ധർണയിലും മെയ് 15 ന് സൂചന പണിമുടക്കിലും തുടർന്ന് ജൂൺ 1 മുതൽ 7 വരെ പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് വേതന ഇനത്തിൽ ആയതു കുറച്ചിട്ടുണ്ടെന്ന് സ്ഥാപനമേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർക്കും
3. ICPS - 10
4. സ്റ്റോക്ക് ഫയൽ,വെബ് സൈറ്റ്

ned by Priyanka G
e: 03-10-2023 15:29:59